(ബി) റവന്യൂ റഫറൻസ് ലൈബ്രറിയിലേക്ക് ലൈബ്രറിയൻ തസ്തിക അനുവദിച്ചിട്ടും ഒഴിവ് നികത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റവന്യൂ റഫറൻസ് ലൈബ്രറിയിലേക്കുള്ള ലൈബ്രേറിയൻ നിയമനം മുൻസിപ്പൽ കോമൺ സർവ്വീസ് മുഖാന്തിരം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) റവന്യൂ റഫറൻസ് ലൈബ്രറി ഗവേഷണ വിദ്യാർത്ഥികൾക്കും അന്വേഷകർക്കും പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) തലശ്ശേരിയിൽ പ്രവർത്തിക്കുന്ന റവന്യൂ റഫറൻസ് ലൈബ്രറിയിൽ സ്റ്റാഫിനെ നിയമിക്കാത്തത് കാരണം ലൈബ്രറി അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തലശ്ശേരിയിൽ പ്രവർത്തിക്കുന്ന റവന്യൂ റഫറൻസ് ലൈബ്രറിയിൽ ഒരു ലൈബ്രേറിയൻ ഗ്രേഡ് IV തസ്തിക അനുവദിച്ച് 4-6-2010-ലെ ജി.ഒ. (എം.എസ്) നമ്പർ 215/2010/ആർ.ഡി പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മേൽ വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) റവന്യൂ റഫറൻസ് ലൈബ്രറിയിൽ ലൈബ്രേറിയൻ തസ്തികയിൽ നിയമനം നടത്തുന്ന മുറയ്ക്ക് ഗവേഷണ വിദ്യാർത്ഥികൾക്കും അന്വേഷകർക്കും അതുപോലെതന്നെ പൊതുജനങ്ങൾക്കും പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

മുട്ടമ്പലം വില്ലേജാഫീസിലെ കമ്പ്യൂട്ടർ തകരാർ പരിഹരിക്കാൻ നടപടി

190 (3976) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

കോട്ടയം മണ്ഡലത്തിലെ, മുട്ടമ്പലം വില്ലേജ് ആഫീസിലെ കമ്പ്യൂട്ടർ തകരാർമൂലം ഒരു മാസക്കാലമായി വസ്തു പോക്കുവരവ് ചെയ്തു കിട്ടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. കോട്ടയം താലൂക്കിൽ മുട്ടമ്പലം വില്ലേജിൽ കമ്പ്യൂട്ടർ തകരാറു മൂലം തടസ്സപ്പെട്ട പോക്കുവരവ് നടപടി ഒരാഴ്ചമുമ്പ് തടസ്സം പരിഹരിച്ച് പുനരാരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly